## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2608

09-03-2017 ലെ മറുപടി

### മലപ്പുറം മണ്ഡലത്തിൽ ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട പദ്ധതികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.പി.ഉബൈദുള്ള | | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | മലപ്പുറം മണ്ഡലത്തിൽ ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട് നടപ്പിലാക്കി വരുന്ന ഓരോ പദ്ധതിയുടെയും കഴിഞ്ഞ ഒരു വർഷത്തെ പുരോഗതി അറിയിക്കാമോ; | (എ) | **ജലസേചന വകുപ്പ്**<br><br>മലപ്പുറം മണ്ഡലത്തിൽ ജലസേചന വകുപ്പുമായി ബന്ധപ്പെട്ട് നടപ്പിലാക്കി വരുന്ന പദ്ധതികളുടെ കഴിഞ്ഞ ഒരു വർഷത്തെ പുരോഗതി സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം - I** ആയി ചേർത്തിരിക്കുന്നു.<br><br>**കേരള ജല അതോറിറ്റി**<br><br>എം.എൽ.എയുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കേരള ജല അതോറിറ്റി നടപ്പാക്കി വരുന്ന പ്രവൃത്തികളുടെ വിവരങ്ങൾ **അനുബന്ധം - II** ആയി ചേർത്തിരിക്കുന്നു.<br><br>**ഭൂജല വകുപ്പ്**<br><br>മലപ്പുറം മണ്ഡലത്തിൽ 2017 വരൾച്ച പദ്ധതിയിൽ കുഴൽ കിണർ കൈപമ്പ് റിപ്പയർ ചെയ്യുന്നതിനായി ആനക്കയം ഗ്രാമപഞ്ചായ ത്തിലെ നെട്ടുവള്ളിക്കുണ്ട് അംഗൻവാടിയിൽ 9,994/- രൂപയുടെ പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തു. കൂടാതെ മൊറയൂർ ഗ്രാമപഞ്ചായത്തിലെ 20 കുഴൽ കിണർ കൈപമ്പുകൾ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് 1,99,880/- രൂപയുടെ പ്രവൃത്തി പുരോഗമിക്കുകയും ചെയ്യുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയ പദ്ധതികൾ ഏതെങ്കിലും ആരംഭിച്ചിട്ടുണ്ടോ? | (ബി) | **ജലസേചന വകുപ്പ്**<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലപ്പുറം മണ്ഡലത്തിൽ കോട്ടൂർ പഞ്ചായത്തിലെ മങ്ങാട്ടുപുലത്ത് കടലുണ്ടി പുഴയുടെ തീര സംരക്ഷണം എന്ന പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| | | **കേരള ജല അതോറിറ്റി**<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയതായി 5 പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്.<br>1. ആനക്കയം പഞ്ചായത്തിലെ അമ്പലവട്ടം കുടിവെള്ള പദ്ധതി<br>2. ആനക്കയം പഞ്ചായത്തിലെ ഉരുളിത്തല കുടിവെള്ള പദ്ധതി<br>3. ആനക്കയം പഞ്ചായത്തിലെ ചേപ്പൂർ കുടിവെള്ള പദ്ധതി<br>4. മലപ്പുറം മുനിസിപ്പാലിറ്റിയിലെ കാളന്തട്ട കുടിവെള്ള പദ്ധതി<br>5. കോട്ടൂർ ഗ്രാമപഞ്ചായത്തിലെ കാലപ്പറമ്പ കുടിവെള്ള പദ്ധതി<br><br>കൂടാതെ 2016-17ലെ പുതുക്കിയ ബജറ്റിൽ ജലചോർച്ച തടയാനായി പ്രഖ്യാപിച്ച പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി ട്രാൻസ്മിഷൻ മെയിനുകൾ മാറ്റി സ്ഥാപിക്കുന്നതിന് 6 പ്രവൃത്തികൾക്ക് 28.63 കോടി രൂപക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ പ്രവൃത്തികളുടെ വിവരങ്ങൾ **അനുബന്ധം - III** ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം I

## ജലസേചന വകുപ്പ്

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|
| 1 | കോഡൂർ പഞ്ചായത്തിലെ മങ്ങാട്ടുപുലത്ത് കടലുണ്ടി പുഴയുടെ തീര സംരക്ഷണം- | പ്രവൃത്തി തുടങ്ങി |
| 2 | മലപ്പുറം മുനിസിപ്പാലിറ്റിയിലെ മൈലപ്പുറം കോലാർ ഭാഗത്ത് നൂറാടി പാലത്തിന് താഴെ കടലുണ്ടി പുഴയുടെ വലതുകര സംരക്ഷണം- | പ്രവൃത്തി പൂർത്തിയായി |
| 3 | മലപ്പുറം നഗരസഭയിലെ നമ്പ്രാണി ചെക്ക് ഡാമിന്റെ താഴെ ഭാഗത്ത് കടലുണ്ടി പുഴയുടെ വലത്കര സംരക്ഷണം - | പ്രവൃത്തി പൂർത്തിയായി |
| 4 | മലപ്പുറം നഗരസഭയിലെ നൂറാടി പാലത്തിന്റെ മേൽ ഭാഗത്ത് കടലുണ്ടി പുഴയുടെ വലത്കര സംരക്ഷണം - | പ്രവൃത്തി പൂർത്തിയായി |
| 5 | മലപ്പുറം മുനിസിപ്പാലിറ്റിയിൽ തയ്യിൽപ്പടിയിൽ വാഴം ചിറ വി.സി.ബി റിപ്പയർ | പ്രവൃത്തി ആരംഭിച്ചു. |
| 6 | മലപ്പുറം മുനിസിപ്പാലിറ്റിയിൽ വലിയങ്ങാടിയിൽ വലിയതോടിന് സംരക്ഷണ പ്രവൃത്തി | പ്രവൃത്തി നടന്നു വരുന്നു (25ശതമാനം) |
| 7 | മലപ്പുറം മുനിസിപ്പാലിറ്റിയിൽ കണ്ണത്തുപാറയിൽ പാലക്കുന്നിൽ പുഴയുടെ ഭിത്തി നിർമ്മാണം | പ്രവൃത്തി പൂർത്തീകരിച്ചു. |
| 8 | മലപ്പുറം മുനിസിപ്പാലിറ്റിയിൽ 23-ാം വാർഡിൽ വലിയ വരമ്പിൽ ബൈപാസ് കൾവർട്ടിനടുത്ത് കല്ലൻപാറ തോടിനു സംരക്ഷണ പ്രവൃത്തി | പ്രവൃത്തി പൂർത്തീകരിച്ചു. |
| 9 | പൂക്കോട്ടൂർ പഞ്ചായത്തിൽ അറവങ്കരയിൽ ഗവ. ഹൈസ്കൂളിനടുത്ത് ന്യൂബസാർ തോടിനു ബണ്ട് നിർമ്മാണം. | പ്രവൃത്തി പൂർത്തീകരിച്ചു |
| 10 | മലപ്പുറം മുനിസിപ്പാലിറ്റിയിൽ വേലേങ്ങതൂക്ക് തോടിന് സംരക്ഷണ ഭിത്തി നിർമ്മാണം | പ്രവൃത്തി പൂർത്തീകരിച്ചു |

സെക്ഷൻ ഓഫീസർ

അനുബന്ധം II

# കേരള ജല അതോറിറ്റി

1. കാലപ്പറമ്പ കുടിവെള്ള പദ്ധതി-ടെൻഡർ ചെയ്തു. ടെൻഡർ 18.3.2017 ന് തുറക്കുന്നതാണ്.

2. ആനക്കയം പഞ്ചായത്തിലെ ഉരുളിത്തല കുടിവെള്ള പദ്ധതി-പ്രവൃത്തി പുരോഗമിച്ചുവരുന്നു. പ്രവൃത്തി ജൂൺ 2017-ൽ പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

3. ആനക്കയം പഞ്ചായത്തിലെ അമ്പലവട്ടം കുടിവെള്ള പദ്ധതി -പ്രവൃത്തി ടെൻഡർ ചെയ്തിട്ടുണ്ട്. ടെണ്ടർ 7.3.2017 ന് തുറക്കുന്നതാണ്.

4. ആനക്കയം പഞ്ചായത്തിലെ ചേപ്പൂർ കുടിവെള്ള പദ്ധതി - പ്രവൃത്തി ടെൻഡർ ചെയ്തിട്ടുണ്ട്. ടെണ്ടർ 9.3.2017 ന് തുറക്കുന്നതാണ്.

5. കോഡൂർ പഞ്ചായത്തിലെ മുണ്ടക്കോട് നിരപ്പിൽ കുടിവെള്ള പദ്ധതി - പ്രവൃത്തി പുരോഗമിച്ചുവരുന്നു. പ്രവൃത്തി ജൂൺ 2017-ൽ പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

6. മലപ്പുറം മുനിസിപ്പാലിറ്റിയിലെ കാളത്തോട് കുടിവെള്ള പദ്ധതി - എസ്റ്റിമേറ്റ് അംഗീകാരത്തിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

<u>മൈനോറിറ്റിയിലുൾപ്പെടുന്ന പദ്ധതികൾ</u>

1. പുൽപ്പറ്റ **കൊട്ടാവ് കുടി**വെള്ള പദ്ധതി- പൂർത്തീകരിച്ചു.

2. പുൽപ്പറ്റ മുന്നാംപടി കുടിവെള്ള പദ്ധതി- പൂർത്തീകരിച്ചു.

3. ചിറ്റത്തുപാറ-ചേപ്പൂർ കുടിവെള്ള പദ്ധതി- പൂർത്തീകരിച്ചു.

4. പൂക്കോട്ടൂർ-കോടാലിപറമ്പ് കുടിവെള്ള പദ്ധതി- കിണറിന്റെ പണി പൂർത്തിയാക്കി. പദ്ധതി ജൂൺ 2017-ൽ പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

5. മൊറയൂർ തോട്ടാരിപ്പാറ കുടിവെള്ള പദ്ധതി - ഇലക്ട്രിക് കണക്ഷൻ ലഭ്യമാവാനുണ്ട്.

6. വടക്കുമുറി-കൂവപ്പാളി കുടിവെള്ള പദ്ധതി- പൂർത്തീകരിച്ചു.

സെക്ഷൻ ഓഫീസർ

കേരള ജല അതോറിറ്റി — അനുബന്ധം - III

## Special Investment Fund-Replacing Transmission Mains - WRD005-00

| SL No. | Name of Division | Name of Work | Estimated Amount (Rs. Lakhs) |
|---|---|---|---|
| | | **Malappuram Circle** | |
| 1 | Malappuram | UWSS to Tirurangadi Municipality-Relaying the old and damaged lower size and frequently bursting distribution | 53.00 |
| 2 | Malappuram | Laying 160mm PVC Gravity main from OHSR at Chelari to GLSR at Kodakkadu (replacement of 125mm AC pipe) in Vallikunnu Grama panchayath for ARWSS to Munniyour, Thenni palam, Chelambra, Peruvallur( including road restoration charges) | 80.00 |
| 3 | Malappuram | UWSS to Perinthalmanna-replacement of AC pipe with DI pipe in zone 1,2,and 3 | 1200.00 |
| 4 | Malappuram | UWSS to Manjeri- Replacing old aged AC pipes with DI pipes of Manjeri Municipality | 1500.00 |
| 5 | Malappuram | UWSS to Thirurangadi Municipality-Replacing frequently leaking, old damaged 150 mm AC pipe between Karipprambu to Pantharangadi | 15.00 |
| 6 | Malappuram | UWSS to Thirurangadi Municipality-Replacing frequently leaking, old damaged 150 mm AC pipe between Pantharangadi to Palathingal | 15.00 |
| | | TOTAL | 2863.00 |

മാനേജിങ് ഡയറക്ടർ